**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1896** **11-10-2024 - ൽ മറുപടിയ്ക്ക്**

**കായികവകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികവകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾക്കായി ഏതെങ്കിലും ഏജൻസികൾക്ക് കരാർ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കായികവകുപ്പ് ഡയറകുറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾക്കായി "klivolks Private limited" എന്ന ഏജൻസിയ്ക്ക് കരാർ നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രൊജക്ടിന്റെ ആദ്യ ഘട്ട ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട ജോലികൾ ആരംഭിക്കാനിരിക്കുന്നു. |
| (ബി) | എന്തൊക്കെ ഡിജിറ്റൽ സേവനങ്ങൾക്കാണ് പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ഒരു വർഷത്തേക്ക് എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | "klivolks Private limited" ഏജൻസിയുമായി വ്യവസ്ഥ ചെയ്തിരിക്കുന്ന കരാറിൽ ഉൾപ്പെടുന്ന ഡിജിറ്റൽ സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>Sports Booking App<br>Inventory and Maintenance Management<br>HR and Payroll management System<br>ഇവയിൽ സ്പോർട്സ് ബുക്കിംഗ് അപ്ലിക്കേഷന്റെ ഫ്രണ്ട് എൻഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്ത ചിലവ് 18,50,000/- + GST രൂപയാണ്. നിലവിൽ പ്രസ്തുത തുകയിൽ 4,36,600/- രൂപ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരമുള്ള ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ? | (സി) | സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരമുള്ള ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ